കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10/159/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 18/02/2019

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/159/2019, തിയ്യതി:18/02/.2019

# കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മഹേഷ.ബി, ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-02-2019 മുതൽ 12-02-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| കിരൺദാസ്.പി | ഓഡിറ്റ് ഓഫീസർ |
| ജെന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുഞ്ഞികൃഷ്ണൻ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ജനാർദ്ദനൻ,സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ഫിലോമിന ജോണി ആക്കാട്ട് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ജോസഫ് എം. ചാക്കോ | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ജോസഫ് .എം. ചാക്കോ | 01.04.2017 | 31.03.2018 |
| അസി. എഞ്ചിനീയർ | മോഹനൻ. പി.വി | 01.04.2017 | 31.03.2018 |
| കൃഷി ഓഫീസർ | അർച്ചന .യു.എസ് | 1.04.2017 | 29.07.2017FN |
| | അതുൽ .ബി. മണപ്പാടൻ | 29.07.2017AN | 22.09.2017FN |
| | അരവിന്ദൻ കൊട്ടാരത്തിൽ | 22.09.2017AN | 26.10.2017FN |
| | പ്രവീൺ ജോൺ | 26.10.2017AN | 31.03.2018 |
| വി.ഇ.ഒ | ബിജു കുമാർ .കെ.എം | 01.04.2017 | 31.03.2018 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | സിന്ധു .എ. കെ | 01.04.2017 | 06.10.2017FN |
| | ദിവ്യ .ടി.കെ | 06.10.2017AN | 31.03.2018 |
| മെഡിക്കൽ ഓഫീസർ PHC | ഷിജിൻ ജോൺ ആളൂർ | 01.04.2017 | 08.02.2017FN |
| | സുമിൻ മോഹൻ .പി | 08.02.2017AN | 31.03.2018 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ GAD | ഡോ. അബ്ദുൾ മുനീർ .പി. കെ | 01.04.2017 | 31.03.2018 |
| ഹെഡ് മാസ്റ്റർ | ദാമോധരൻ .പി. | 01.04.2017 | 01.06.2017 |
| | എൽദോ .പി. വൈ | 02.06.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | കൌസല്യ .എസ്.എം | 01.04.2017 | 02.08.2017FN |
| | രജിത്ത് .ആർ. | 02.08.2017AN | 06.03.2018FN |
| | ജോസഫ് .സി.എ | 06.03.2018AN | 31.03.2018. |
| വെറ്റിനറി സർജൻ | ഡോ. പി.എം. ജോസഫ് | 01.04.2017 | 31.03.2018. |
| മെഡിക്കൽ ഓഫീസർ GHD | ഡോ. രാജേഷ് കുമാർ .കെ. പി | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | കേരള വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിച്ച തുകയുടെ 1% പഞ്ചായത്തിൻെറ വരുമാനമായി കാണിച്ചിട്ടില്ല | 2-1 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിട്ടില്ല | 2-2 |
| 14 | ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-3 |
| 15 | തൊഴിൽ നികുതി-ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനുള്ള രേഖ ഹാജരാക്കിയില്ല | 2-4 |
| 16 | തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | ക്ഷീര കർഷകർക്ക് പാൽ അളന്നതിന് സബ്സിഡി- ചെലവ് രേഖകൾ അപൂർണ്ണം | 3-1 |
| 18 | മഴക്കാലപൂർവ്വശുചീകരണം-തുക ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ | 3-2 |

| | | |
|---|---|---|
| | ചെലവഴിച്ചു. | |
| 19 | സ്റ്റുഡന്റ് കേഡറ്റ് പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത്. | 3-3 |
| 20 | കരാറുകാരൻ ക്വോട്ട് ചെയ്തതിലും കൂടിയ നിരക്ക് അനുവദിച്ചത് | 3-4 |
| 21 | ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-5 |
| 22 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു. | 3-6 |
| 23 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-7 |
| 24 | കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ | 3-8 |
| 25 | പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല | 3-9 |
| 26 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല | 3-10 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 28 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/29-03-2017 | 13/22.03.2018 |
| മുന്നിരിപ്പ് | ₹22,83,597 | ₹10,07,51,177 |
| വരവ് | ₹32,11,24,000 | ₹30,30,27,456 |
| ആകെ | ₹32,34,07,597 | ₹40,37,78,633 |
| ചെലവ് | ₹32,22,47,900 | ₹32,44,28,200 |
| നീക്കിയിരിപ്പ് | ₹11,59,697 | ₹7,93,50,433 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി3/815/2018 തി:09-08-2018. |

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. വികസനഫണ്ട് ജനറൽ ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 1,51,29,114 രൂപയാണ്. വാർഷികകണക്കിൽ ഉൾപ്പെടുത്തിയത് 1,51,15,614 രൂപയാണ്. വ്യത്യാസം 13,500 രൂപ. പരിശോധിക്കേണ്ടതാണ്.

3). വായ്പ്പാ രജിസ്റ്റർ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി വായ്പ്പയിനത്തിൽ 31.3.2018ൽ തിരിച്ചടയ്ക്കുവാനവശേഷിക്കുന്ന തുക 39,93,530 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയിനത്തിൽ ഉൾപ്പെടുത്തിയത് 35,36,985 രൂപയാണ്. വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

4). സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

5). ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ റീ-കൺസിലിയേഷൻ പത്രികയിൽ മൂന്ന്

മാസത്തിലധികം പഴക്കമുള്ള ചെക്ക്.നം 1005668/29.11.2017 (₹18,264 ) ഉം ഉൾപ്പെടുത്തിക്കാണുന്നു. പരിശോധിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

6). വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7). ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവടങ്ങളിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായിട്ടാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ളത്(RP-31). ഇതു മൂലം ഇവയുടെ ചെലവ് വിവരങ്ങൾ പ്രത്യേകം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ബാലൻസ് ഷീറ്റിലെ B4ഷെഡ്യൂളിലും ബാധ്യതയിനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം എന്നയിനത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പടെ രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. പ്രൊജക്ട് നം69/18 പ്രകാരം പച്ചക്കറി കൃഷി കൂലിച്ചെലവ് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വരവ് വന്ന 85,000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡ്ഡിൽ വരവിലെടുത്തുവെന്ന് വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | ₹1,95,89,825 |
| വരവ് | ₹11,65,69,466 |
| ആകെ | ₹13,61,59,291 |
| ചെലവ് | ₹11,86,14,000 |
| നീക്കിയിരിപ്പ് | ₹1,75,45,291 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് * (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,64,08,000 | 1,64,08,000 | 1,51,29,114 | 12,78,886 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 47,88,075 | 47,88,075 | 45,52,669 | 2,35,406 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 2,71,890 | 2,71,890 | 2,71,890 | 0 |
| മെയിന്റനൻസ്,റോഡ് | 0 | 1,49,68,000 | 1,49,68,000 | 1,46,05,773 | 3,62,227 |
| മെയിന്റനൻസ്,നോൺ-റോഡ് | 0 | 42,03,000 | 42,03,000 | 40,95,416 | 1,07,584 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,27,76,297 | 1,27,76,297 | 1,06,08,889 | 21,67,408 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 85,44,219 | 85,44,219 | 85,43,355 | 864 |

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ചുള്ള വിവരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരവും

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 2,64,67,030 | 2,64,67,030 | 2,64,67,030 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 82,562 | 8,15,141 | 8,97,703 | 85,9,314 | 38,389 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 0 | 0 | 0 | 0 | 0 |
| | SSA | 672 | 31 | 703 | 0 | 703 |
| | ICDS | 5,31,002 | 5,18,608 | 10,49,610 | 4,91,857 | 5,57,753 |
| | NPRPD | 6,00,000 | 0 | 6,00,000 | 5,40,000 | 60,000 |
| | PYCKA | 20,000 | 0 | 20,000 | 0 | 20,000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ ഫണ്ട് | 9,31,367 | 37,712 | 9,69,079 | 0 | 9,69,079 |
| | നാട്ടുമാവ് പദ്ധതി പ്രത്യേക ധനസഹായം | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 25,000 | 12,500 | 37,500 | 25,000 | 12,500 |
| | ശുചിത്വമിഷൻ | 75,740 | 20,25,000 | 21,00,740 | 13,67,250 | 7,33,490 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട് | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | 0 | 20,00,000 | 20,00,000 | 0 | 20,00,000 |
| | ജില്ലാ പഞ്ചായത്ത് | 0 | 30,94,600 | 30,94,600 | 27,00,000 | 3,94,600 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 90000 | 90,000 | 90,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | 0 | 0 | 0 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 1,05,000 | 1,05,000 | 1,05,000 | 0 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 38,60,103 | 89,54,000 | 1,28,14,103 | 1,32,93,434 | -4,79,331 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 4,20,000 | 0 | 4,20,000 | 0 | 4,20,000 |
| | ഗുണഭോക്തൃ വിഹിതം | 1,91,250 | 8,32,276 | 10,23,526 | 10,21,900 | 1626 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി 09.01.2017– ലെ ജി.ഒ.(എം.എസ്.)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.01.2017 ലെ 10/17 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി, നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. .

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും, വികസന രേഖയും 25.01.2017ന് ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. . പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 14 |
| 2 | വികസനം | 15 |
| 3 | ക്ഷേമകാര്യം | 15 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 14 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട

മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ | 7 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 8 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 9 |
| 4 | പൊതുമരാമത്ത് | 8 |
| 5 | സാമൂഹ്യക്ഷേമം | 8 |
| 6 | പട്ടിക ജാതി ,പട്ടിക വർഗ വികസനം | 8 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 8 |
| 8 | ആരോഗ്യം | 5 |
| 9 | കുടിവെള്ളം ശുചിത്വം | 7 |
| 10 | വിദ്യാഭ്യാസം സംസ്കാരം, കല കായിക യുവജനക്ഷേമം | 5 |
| 11 | ചെറുകിട വ്യവസായം | 7 |
| 12 | ദാരിദ്ര്യ ലഘൂകരണം | 8 |

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 ത.സ്വ. ഭ .വ തീയതി 29/3/2017 & എം. എസ്. നമ്പർ 10/2017 ത.സ്വ.ഭ.വ. തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി

ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 23-05-2017 ന് രൂപീകരിച്ചിട്ടുണ്ട് .ആസൂത്രണ സമിതിയിൽ 12 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 28.02.2017, 18.04.2017 എന്നീ തീയതികളിൽ യോഗം ചേരുകയുണ്ടായി.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം. എസ്.) 10/2017 ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 5/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.മറ്റു ഗ്രാമസഭകൾ11/2017, 2/2018മാസങ്ങളിൽ ചേരുകയുണ്ടായി.

ഊരുക്കൂട്ടം

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഗ്രാമപഞ്ചായത്തിൽ TSPഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഊരുക്കൂട്ടം4/2017 മാസത്തിൽ ചേരുകയുണ്ടായി..

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരംഭിന്നശേഷി വിഭാഗക്കാരുടെ യോഗം 15.5..2017തീയതിയിൽ ചേരുകയുണ്ടായി..

വയോജനങ്ങളുടെഗ്രാമസഭ

വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ വയോജനങ്ങളുടെ ഗ്രാമസഭ 15.05.2017തീയതിയിൽ ചേരുകയുണ്ടായി..

വികസന സെമിനാർ -

27-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 133 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ

നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 29.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 1)- ജില്ലാ ആസൂത്രണ സമിതി 09.06.2017 തീയ്യതിയിൽ വാർഷീക പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട് . 21-02-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 180 |
| പുതിയ പ്രോജക്ടുകൾ | 150 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 30 |

<u>അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം</u>

2017-18 സാമ്പത്തിക വർഷം ആകെ 180പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും151പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ84 ശതമാനമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 180 | 151 | 71630094 | 0 | 29 | 84 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം</u>

ഇല്ല

<u>മോണിറ്ററിങ്ങ്</u>

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

# 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | ₹82,562 | ₹8,15,141 | ₹8,97,703 | ₹8,59,314 | ₹38,389 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | ₹2,64,67,030 | ₹2,64,67,030 | ₹2,64,67,030 | 0 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 22,080 | 38 |
| | കർഷകതൊഴിലാളി പെൻഷൻ | 66,04,200 | 2207 |
| | വിധവാ പെൻഷൻ | 72,82,800 | 2376 |
| | വാർദ്ധക്യകാല പെൻഷൻ | 1,61,59,400 | 4717 |
| | വികലാംഗ പെൻഷൻ | 33,52,300 | 1071 |
| | അവിവാഹിത പെൻഷൻ | 2,44,000 | 79 |
| | വിവാഹ ധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-02-2019 തീയതിയിൽ 2.25 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1928 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് വിശദവിവരങ്ങൾ സംബന്ധിച്ച് ഓഫീസ് ഉത്തരവ് തയ്യാറാക്കിട്ടില്ല. ഫയലുകളുടെ വിശദവിവരങ്ങളടങ്ങിയ പേഴ്സണൽ രജിസ്റ്റുകൾ സെക്ഷനുകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നോ ഫയലുകളിൽ കൃത്യമായി തീർപ്പ കൽപ്പിക്കുന്നുണ്ടോ എന്നോ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(2) മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ:- ഓരോ ദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസ വേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(3) ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ. എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ 5/12/2017 മുതൽ ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിട്ടില്ല. പൊതുജനങ്ങൾക്ക് നേരിട്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്ഥാപിച്ച ടച്ച് സ്ക്രീൻ പ്രവർത്തനര രഹിതമാണ്.

(4) പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- . നിശ്ചിത ഇടവേളകളിൽ പരാതിപ്പെട്ടി തുറക്കേണ്ടതും പരാതികൾ പരിശോധിക്കേണ്ടതുമാണ്.

(5) ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ ചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ്.

(6) ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിൻെറ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കുന്നില്ല.. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(7) ആസ്തികളുടെ പരിപാലനം- പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്റർ കാലികമാക്കിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകി വരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(8) മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ്

കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല | ബാധകമല്ല | ബാധകമല്ല |
| പെർഫോമെൻസ് ഓഡിറ്റ് | 10/10/2018, 11/10/2018 | 2018 സെപ്റ്റംബർ | 11/10/2018 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കേരള വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിച്ച തുകയുടെ 1% പഞ്ചായത്തിൻെറ വരുമാനമായി കാണിച്ചിട്ടില്ല

കേരള ബിൽഡിങ്ങ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996 ആക്ട് 28 സെക്ഷൻ 3(3) പ്രകാരം കേരള വർക്കേഴ്സ് വെൽഫെയർ ഫണ്ടിനായി പിരിച്ച തുകയുടെ 1% പിരിച്ചെടുക്കുന്ന സ്ഥാപനത്തിൻെറ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൻെറ 2017-18 വർഷത്തെ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം മേൽ ഫണ്ടിലേക്ക് പിരിച്ചെടുത്തത് 4,22,438/- രൂപയാണ്. അതിൻെറ ഒരു ശതമാനമായ 4,224/- രൂപ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൻെറ വരുമാനത്തിൽ മുതൽ കൂട്ടേണ്ടതായിരുന്നു. ആയത് തനത് ഫണ്ടിൽ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 6 തീയതി 07.02.2019).

## 2-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി.വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരൻെറ പേര്/തസ്തിക | സ്ഥാപനത്തിൻെറ പേര് | തൊഴിൽ നികുതി അടവാക്കേണ്ടുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| | | | കാലയളവ് |
| 1. | ശ്രീമതി ബിന്ദുമോൾ എസ്,സീനിയർ ക്ലർക്ക് | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2017-18 രണ്ടാം അർദ്ധ വർഷം |
| 2. | ശ്രീ ഷിന്റോ ജോസ്,ജൂനിയർ ക്ലർക്ക് | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2017-18 രണ്ടാം അർദ്ധ വർഷം |
| 3. | ശ്രീമതി ഷെറിൽ പി അൽഫോൺസ് സൈമൺ,പ്യൂൺ | ഈസ്റ്റ് എളേരി സർവ്വീസ് സഹകരണ ബാങ്ക് | 2017-18 രണ്ടാം അർദ്ധ വർഷം |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ, ടെണ്ടർ സമർപ്പിച്ച കരാറുകാർ ഓൺലൈൻ ആയി അടച്ച ബിഡ് സമർപ്പണ ഫീസ് നാളിതു വരെ പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. 2017-18 ൽ നടത്തിയ ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീസ് (₹) | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഫീസ്(₹) |
|---|---|---|---|---|
| 1. | തയ്യേനി-തയ്യെമുണ്ട അങ്കൺവാടി മെയിൻറനൻസ് | 32,500 | 2 | 65,000 |
| 2. | വൈസ് നിവാസ് കുളിനീർ റോഡ് റീടാറിങ്ങ് | 17,500 | 1 | 17,500 |
| 3. | ചാവറഗിരി-നമ്പ്യാർമുക്ക് റോഡ് റീടാറിങ്ങ് | 25,000 | 2 | 50,000 |
| 4. | നിരത്തുംതട്ട്-തോട്ടൻചാൽ റോഡ് ടാറിങ്ങ് | 33,125 | 2 | 66,250 |

| | | | | |
|---|---|---|---|---|
| 5. | ഓടക്കൊല്ലി-ചാവറഗിരി ബൈപ്പാസ് റോഡ് | 12,500 | 2 | 25,000 |
| 6. | പിഎച്ച്സി ജംക്ഷൻ-കുരുത്തോലവയൽ മള്ളുകുന്ന് റോഡ് ടാറിങ്ങ് | 12,500 | 3 | 37,500 |
| 7. | കട്ടമേനി-ഗോക്കടവ് റോഡ് ടാറിങ്ങ് | 12,500 | 2 | 25,000 |
| 8. | കാവുന്തല ഡ്രയിനേജ് | 19,450 | 2 | 38,900 |
| 9. | ചിറ്റാരിക്കാൽ ടൗൺ റോഡ് കോൺക്രീറ്റിങ്ങ് | 12,500 | 1 | 12,500 |
| 10. | പിഎച്ച്സിക്ക് ചുറ്റമതിൽ | 12,500 | 2 | 25,000 |
| 11. | നീലമ്പാറ-പട്ടേങ്ങാനം-കരിമുണ്ടക്കയം കോളനി റോഡ് ടാറിങ്ങ് | 56,800 | 2 | 1,13,600 |
| 12. | ചിറ്റാരിക്കാൽ-വൈസ്മെൻ-കാരമല റോഡ് ടാറിങ്ങ് | 16,875 | 1 | 16,875 |
| 13. | വൈസ് നിവാസ് കുളിനീർ റോഡ് റീടാറിങ്ങ് | 17,500 | 1 | 17,500 |
| 14. | ചിറ്റാരിക്കാൽ പിഎച്ച്സി അഡീഷണൽ വർക്ക്സ് | 16,875 | 1 | 16,875 |
| 15. | പ്ലാസ്റ്റിക് വേയ്സ്റ്റ് കളക്ഷൻ സെൻറർ | 25,000 | 2 | 50,000 |
| 16. | ടോയിലറ്റ് ബ്ലോക്ക് പാലാവയൽ | 17,500 | 1 | 17,500 |

| | | | | |
|---|---|---|---|---|
| 17. | കാവുന്തല-വടക്കേമല -മുട്ടോംകടവ് റോഡ് | 15,000 | 1 | 15,000 |
| 18. | പാലച്ചാൽതട്ട്-കുളിനീർ | 15,750 | 1 | 15,750 |
| 19. | ഓടക്കൊല്ലി-ക്ലൂട്ടക്കുഴി | 25,000 | 1 | 25,000 |
| 20. | കണ്ണിവയൽ-മാരിഗിരി-നെല്ലിക്കാമല റോഡ് | 20,953 | 1 | 20,953 |
| ആകെ | | 4,17,328 | | 6,71,703 |

മേൽ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി-ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനുള്ള രേഖ ഹാജരാക്കിയില്ല

2017-18 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരന് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുന്നു. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം ചേർത്തു വെച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1. | അനിൽകുമാർ ടി വി,ഓഫീസ് അറ്റൻറൻഡ് | ജിയുപിഎസ്.കണ്ണിവയൽ | 2017-18,ഒന്നാം അർദ്ധ വർഷം. |

ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ചില സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പത്രികകൾ നിശ്ചിത മാതൃകയിലല്ല സ്വീകരിക്കുന്നത്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1. | കെഎസ്ഇബി,നല്ലോമ്പുഴ |
| 2. | ജിഎച്ച്എസ്എസ്,കമ്പല്ലൂർ |

തൊഴിൽ നികുതി പത്രികകൾ പഞ്ചായത്തിൽ സ്വീകരിക്കുമ്പോൾ വീട്ടുവാടക ഒഴികെയുള്ള വരുമാനം പത്രികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്ഷീര കർഷകർക്ക് പാൽ അളന്നതിന് സബ്സിഡി- ചെലവ് രേഖകൾ അപൂർണ്ണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| ചെലവ് തുക | ബിൽ നമ്പർ ,01/17-18 തീയ്യതി 09-03-2018/₹ 3,64,400/- |
| | ചെക്ക് നമ്പർ .SB/JC.No.3677143/06-02-2018/ ₹19,94,600/- |
| | ആകെ ചെലവ് =₹ 23,59,000/ |
| പ്രൊജക്ട് നം. | 35/17-18, ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) ₹3,64,400/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം – ₹16,39,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- ₹3,55,600/- |
| | ആകെ = ₹23,59,000/ |

നിർവ്വഹണ ഉദ്യോഗസ്ഥൻ ഡയറി ഫാം ഇൻസ്ട്രക്ടർ 2017-18 വർഷം ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാൽ അളക്കുന്നതിനുള്ള സബ്സിഡി വിതരണം ( പ്രോജക്ട് നമ്പർ.35/18) എന്ന പദ്ധതി പ്രകാരം 23,59,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി

1) നിർവ്വഹണ ഉദ്യോഗസ്ഥൻ ധന ഇടപാടുകൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് (ഫോറം.നം 7A) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക കൈപ്പറ്റിയതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ക്ഷീര സംഘങ്ങൾക്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ പാൽ അളന്ന കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സബ്സിഡി ആനുകൂല്യം ഏതൊക്കെ മാസങ്ങളിൽ അളന്ന പാലിന്റെ അളവ് കണക്കാക്കിയാണ് അനുവദിച്ചതെന്നത് സംബന്ധിച്ച രേഖകൾ (ഗുണഭോക്താക്കൾ പാൽ അളന്നതിന്റെ മാസം തിരിച്ചുള്ള കണക്ക് സഹിതം ) ലഭ്യമാക്കേണ്ടതാണ്.) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)മേൽ ബിൽ പ്രകാരം 9 ക്ഷീര സംഘത്തിന് ആകെ 16,39,000/-രൂപ നൽകിയിട്ടുണ്ട്. ഇതിൽ തയ്യേനി ക്ഷീര സംഘത്തിന് 12,8935/-രൂപ പാൽ അളന്നതിന് ട്രാൻസ്ഫർ ക്രെഡിറ്റായി സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പം ലഭ്യമാക്കിയ വൗച്ചറുകളുടെ കൂട്ടത്തിൽ തയ്യേനി ക്ഷീര സംഘത്തിലെ ക്ഷീര കർഷകർ പാൽ അളന്നത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ.12/11-02-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 23,59,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മഴക്കാലപൂർവ്വശുചീകരണം-തുക ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| ചെക്ക് നം | 1005674/16-01-2018, 1,10,262/- രൂപ (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ | 21700758/16-01-2018 |

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. 03.05.2013 ലെ 22963/ഡി.സി.1/2013/ത.സ്വ.ഭ.വ. നം. സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ നടപ്പാക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പ്രാഥമിക ഘട്ടമായി വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, കുടുംബശ്രീ മെമ്പർമാർ, അങ്കണവാടി പ്രവർത്തകർ,

ആരോഗ്യദായക വളണ്ടിയർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആശവർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ഏപ്രിൽ നാലാം വാരത്തിനു മുമ്പ് മാലിന്യ പ്രശ്നങ്ങൾ ഉള്ള പ്രദേശങ്ങൾ, വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, വെള്ളം കെട്ടി നില്ക്കുന്ന ടാങ്കുകൾ എന്നിങ്ങനെയുള്ള അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഇതിനായി സമൂഹത്തിലെ എല്ലാ തട്ടിലെയും ജനങ്ങളെ ഉൾപ്പെടുത്തി വാർഡ് തലത്തിൽ ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, വാർഡ് തല ശുചിത്വ മാപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കണം. ഇത്തരത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച്, ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്ക് കർമ്മ പരിപാടി രൂപീകരിച്ചതിനു ശേഷമാണ് പദ്ധതി ആരംഭിക്കേണ്ടത്. മഴക്കാലപൂർവ്വ ശുചീകരണം 2017 ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ മാസം അവസാനിക്കുന്നതാണ്. അതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്.
2017-18 വർഷത്തിൽ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 16 വാർഡുകൾക്ക് മേൽ വൗച്ചറുകൾ പ്രകാരം ആകെ 1,10,262/- രൂപ നൽകിയിട്ടുണ്ട്. ഈ 1,10,262/- രൂപയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടാണ്. വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾക്ക് വേണ്ടി സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർക്ക് ചെലവഴിക്കുന്നതിനായി മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടുകളിലേക്ക് ഈ തുക കൈമാറുകയാണ് ചെയ്തത്.

ചിറ്റാരിക്കൽ പി.എച്ച്.സി യിലെ വിവിധ ജെ.പി.എച്ച്.എൻ മാരാണ് സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർ. ഈ തുക വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ പല വാർഡുകളിലും തുക ചെലവഴിച്ചിരിക്കുന്നത് ശുചീകരണ പ്രവർത്തനങ്ങൾക്ക് മാത്രമല്ല, എൻ.എച്ച്.എം ഫണ്ടിൽ നിന്നും, ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ചെയ്യേണ്ട വിവിധ പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ, എന്നിവയ്ക്ക് വേണ്ടി കൂടിയാണ്. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. ഈ തുക ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാർഡ് കൺവീനർമാർക്ക് ചെലവഴിക്കുന്നതിനായി മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ നിന്നും നൽകിയ തുക (₹) | ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക (₹) | പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ, എന്നിവ നടത്താൻ ചെലവഴിച്ച തുക(₹) | ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ച തുക സംബന്ധമായ വിശദവിവരങ്ങൾ |
|---|---|---|---|---|
| 1 | 6,000 | 4,400 | 1,600 | 1) മലബാർ ഗ്രാഫിക്ക് |

| | | | | |
|---|---|---|---|---|
| | | | | വെള്ളരിക്കുണ്ട്. 400(ബിൽ നം.548/4-3-2018 (നോട്ടീസ് )<br>2)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 1200(ബിൽ നം.534/4-3-2018 ,IEC ബോർഡ് |
| 2 | 6,000 | 5,600 | 400 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.530/4-3-2018 (നോട്ടീസ് ) |
| 3 | 6,000 | 4,400 | 1,600 | 1)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400ബിൽ നം.547/17-1-2018 (നോട്ടീസ് )<br>2)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 1200(ബിൽ നം.535/17-01-2018 ,IEC ബോർഡ് |
| 4 | 6,000 | 5,600 | 400 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.538/23-02-2018 (നോട്ടീസ് ) |
| 5 | 6,000 | 4,400 | 1,600 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.527/3-1-2018 (നോട്ടീസ് )<br>2)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 1,200(ബിൽ നം.526/3-1-2018 ,IEC ബോർഡ് |

| | | | | |
|---|---|---|---|---|
| 6 | 6,000 | 4,400 | 1,600 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.516/25-1-2018 (നോട്ടീസ് )<br>2)ഗ്യാലറി ഫ്ലക്സ് പ്രിന്റ് വെള്ളരിക്കുണ്ട്. 1,200(ബിൽ നം.154/25-1-2018 ,IEC ബോർഡ് |
| 7 | 6,000 | 6,000 | - | - |
| 8 | 6,000 | 6,000 | - | - |
| 9 | 6,000 | 5,600 | 400 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.521/18-3-2018 (നോട്ടീസ് ) |
| 10 | 6,000 | 4,400 | 1,600 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.546/തീയ്യതി ഇല്ല (നോട്ടീസ് )<br>2)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.545/തീയ്യതി ഇല്ല,IEC ബോർഡ് |
| 11 | 6,000 | 4,400 | 1,600 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 400(ബിൽ നം.528/12-3-2018 (നോട്ടീസ് )<br>2)ജെ.പി.ആർട്സ് ചിറ്റാരിക്കൽ. 1200(ബിൽ നം.318/10-3-2018 ,IEC ബോർഡ് |

| | | | | |
|---|---|---|---|---|
| 12 | 6,000 | 6,000 | - | - |
| 13 | 6,000 | 4,400 | 1,600 | 1)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്. 1600(ബിൽ നം.514/26-3-2018 ,IEC ബോർഡ് |
| 14 | 6,000 | 6,000 | - | - |
| 15 | 6,000 | 10,000 | - | 1)ജെ.പി.ആർട്സ് ചിറ്റാരിക്കൽ. 1200(ബിൽ നം.877/5-2-2018 ,IEC ബോർഡ്<br>2)ഗ്യാലറി ഫ്ലക്സ് പ്രിന്റ് വെള്ളരിക്കുണ്ട്. 400(ബിൽ നം.157/5-2-2018 ,നോട്ടീസ് |
| 16 | 6,000 | 4,050 | 1,950 | 1) മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്.400(ബിൽ നം.515/18-01-2018 (നോട്ടീസ് )<br>2)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്.350(ബിൽ നം.549/26-03-2018,ബാനർ<br>3)മലബാർ ഗ്രാഫിക്ക് വെള്ളരിക്കുണ്ട്.1,200(ബിൽ നം.550/26-3-2018IEC ബോർഡ് |
| പി.എച്ച്.സി തലത്തിലുള്ള ശുചിത്വമിഷൻ പ്രവർത്തനങ്ങൾ | 14,262 | 14,262 | - | - |
| ആകെ | 1,10,262 | 95912 | 14,350 | |

ഇതിൽ പകർച്ചവ്യാധി നിയന്ത്രണ ബോർഡുകൾ, നോട്ടീസുകൾ, എന്നിവക്കുവേണ്ടി

14,350/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടത് എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചിട്ടാണ്. എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തികൾ മഴക്കാല പൂർവ്വശുചീകരണ ഫണ്ട് ഉപയോഗിച്ച് ചെയ്തതിനാൽ ഈ ചെലവ് തുകയായ 14,350/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ശുചീകരണപ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമെ ഉപയോഗിക്കാൻ പാടുള്ളൂ. ഈ തുക ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. ഇത്തരത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്കല്ലാതെ ചെലവഴിച്ച 14,350/-രൂപ എൻ.എച്ച്.എം ഫണ്ടിൽ നിന്നും ക്രമീകരിച്ച് ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ് അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ( ഇതിന് ഓഡിറ്റ് എൻക്വയറി നം.13/12-02-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല.)

## 3-3 സ്റ്റുഡന്റ് കേഡറ്റ് പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക് നമ്പർ | 1005661/24-08-2017, ₹50,000/- |
| പ്രൊജക്ട് നം. | 124/17-18, സ്റ്റുഡന്റ് കേഡറ്റ് പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ |
| ഫണ്ട് - | തനത് ഫണ്ട് |

ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലെ പ്രോജക്ട് നമ്പർ 124/2018 പ്രകാരം പദ്ധതിക്കുവേണ്ടി ₹50,000/- ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിയമ ബോധവും സാമൂഹിക പ്രതിബദ്ധതയും സാഹസിക മനോഭാവം വളർത്തിയെടുക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി പാലാവയൽ സെന്റ് ജോൺസ് ഹൈസ്കൂളിലെ കുട്ടികൾക്ക് സ്റ്റുഡന്റ് കേഡറ്റ് പരിശീലനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 50,000/-രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമായി ചെക്ക് നമ്പർ 1005661/24-08-2017 പ്രകാരം പിൻവലിച്ച് ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഇൻസ്പെക്ടർ ഓഫ് പോലീസ് വെള്ളരിക്കുണ്ടിന്റെ അക്കൗണ്ടിലേക്ക് തുക ട്രൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിക്ക് വേണ്ടി തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11 തീയ്യതി 11-02-2019).

## 3-4 കരാറുകാരൻ ക്വോട്ട് ചെയ്തതിലും കൂടിയ നിരക്ക് അനുവദിച്ചത്

| | |
|---|---|
| പദ്ധതിയുടെ പേര്, നം. | ഓടക്കൊല്ലി - കുട്ടക്കുഴി റോഡ് റീ-ടാറിങ്,54/17-18 |
| അളവ് പുസ്തകം,നിർവഹണം | 120/17-18 , അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജോജി അഗസ്റ്റിൻ |
| ബിൽ നം, തുക, ഫണ്ട് | 43/17-18/28.02.18 ; ₹ 9,94,365/- ; MG(Road) |
| ടെണ്ടർ ഐഡി | 2017_LSGD_158481_2 |

മേൽ പ്രവൃത്തി ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെയാണ് ടെണ്ടറായത്. പ്രവർത്തിയുടെ അപ്പൻഡിക്സ്-ബി (DIP CONCRETE ) യിലെ Item No:2 ( Providing and laying in position specified grade of reinforced cement concrete, excluding the cost of centering, shuttering, finishing and reinforcement - All work up to plinth level:1:2:4 ( 1 cement : 2 coarse sand : 4 graded stone aggregate 20 mm nominal size)) ന് കരാറുകാരൻ ക്വോട്ട് ചെയ്തത് ₹ 5200/m3 എന്ന നിരക്കാണ്. എന്നാൽ അളവ് പുസ്തകത്തിൽ (പേജ് 48,49) 5.22 m3 പ്രവർത്തിക്കായി ₹ 6200/- നിരക്കിലാണ് (5.22 x 6200 = 32,364) തുക അനുവദിച്ചിരിക്കുന്നത്. അന്തിമ ബിൽ തയ്യാറാക്കിയതും ₹ 6200/- നിരക്കിലാണ്. യഥാർത്ഥത്തിൽ കരാറുകാരന് ഈയിനത്തിന് അനുവദിക്കേണ്ടിയിരുന്ന തുക ₹ 27,144/- ആണ്. അതിനാൽ കരാറുകാരന് അധികം (32,364 - 27,144) നൽകിയ തുക
₹ 5,220/- ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10 തീയ്യതി 11-02-2019 )

## 3-5 ആശുപത്രി മാനേജിംഗ് കമ്മിറ്റി- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ

മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ ,കമ്പല്ലൂർ 2016-17,2017-18 വർഷത്തെയും, ഹോമിയോ മെഡിക്കൽ ഓഫിസർ, മെഡിക്കൽ ഓഫിസർ പി.എച്ച്.സി എന്നിവർ നാളിതുവരെയുള്ളതുമായ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-6 ദേശീയതൊഴിലുറപ്പപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു.

ഈസ്റ്റ്എളേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 38 | ₹22,080/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നിരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

## 3-7 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 11,32,500 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ട തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അസി.സെക്രട്ടറി | 145/2017-18 PMAY ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ- എസ്.സി | 1/2017-18.തിയതി 29.7.2017 തുക 70,000 രൂപ | 70,000രൂപ | പരപ്പ ബ്ലോക്ക് പഞ്ചായത്ത്, സെക്രട്ടറി |
| 2 | അസി. സെക്രട്ടറി | 145/2017-18 PMAY ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ- എസ്. ടി | 2/2017-18.തിയതി 29.7.2017 തുക 4,02,500 രൂപ | 2017-18ൽ 2,87,160രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 1,14,890രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. | പരപ്പ ബ്ലോക്ക് പഞ്ചായത്ത്, സെക്രട്ടറി |
| 3 | സെക്രട്ടറി | 109/2017-18 PMAY ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ- (ജനറൽ) | 07/2017-18. തിയതി 29-07-2018 3,60,000രൂപ | 2017-18ൽ 80,000രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 2,80,000രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. | പരപ്പ ബ്ലോക്ക് പഞ്ചായത്ത്, സെക്രട്ടറി |
| 4 | ഹെഡ് മാസ്റ്റർ, ജിയുപി.എസ്. കണ്ണിവയൽ | 153/2017-18 എസ്.എസ്.എ.ക്ക് വിഹിതം നല്കൽ | 1/2017-18.തിയതി 26.7.2017 തുക2,00,000 രൂപ | 2,00,000 രൂപ | എസ്.എസ്.എ. ജില്ലാ പ്രൊജക്റ്റ് ഓഫീസർ, കാസർഗോഡ് |
| 5 | സെക്രട്ടറി | 115/18 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 02/2017-18. തിയതി30-06-2017തുക 1,00,000രൂപ | 1,00,000രൂപ | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസർഗോഡ് |
| | | | ആകെ | ₹7,64,890 | |

## 3-8 കാർഷിക മേഖലയിൽ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

ഗ്രാമ പഞ്ചായത്തിൽ കാർഷിക മേഖലയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപെട്ടിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന തൈകൾ,നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ, കൂലി ചെലവ് നല്കുന്നപദ്ധതികൾ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി വിത്ത്, വളം,

കീടനാശിനി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്, തുടങ്ങിയ വൈവിദ്യമാർന്ന പദ്ധതികൾക്ക് പ്രാധാന്യം നല്കി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പദ്ധതി നിർവഹണം - എം.ജി.എൻ.ആർ.ഇ.ജി.എസ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയില്ല

2017-18 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ [ജി.ഒ(എം.എസ്) 80/2017തസ്വഭവ തീ.03.4.2017] എം.ജി.എൻ. ആർ.ഇ.ജി.എസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ നടപ്പിലാക്കിയ പദ്ധതികളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## 3-10 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

പതിമൂന്നാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ( ജി.ഒ. (എം.എസ്) നം. 72/2017 /തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017 ) ഖണ്ഡിക. 12-10 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത്പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്.പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യുണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന സമീപനമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിനു വിഭിന്നമായിറോഡുകളെ ചെറിയ ചെറിയ ചെയ്യേജിലുള്ള പ്രൊജക്ടുകളയാണ് ഭൂരിഭാഗവുംനിർവ്വഹിച്ചിട്ടുള്ളത്. ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രൊജക്ട് ഉണ്ടാക്കേണ്ടത്. ഇങ്ങിനെ ചെയ്യാത്തതുമൂലം ഒരു റോഡിന്റെ പ്രവൃത്തി പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലയാണ്.കൃത്യമായ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുമായി നിർവ്വഹണ ഘട്ടത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാവാം ഇതൊക്കെ പരിഹരിക്കുന്നതിനായി അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും കുറഞ്ഞ ചെയ്യേജിൽ വാർഡ് അടിസ്ഥാനത്തിൽ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം മുൻഗണനടിസ്ഥാനത്തിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം (₹) | ലഭിച്ച തുക(₹) | മുന്നിരിപ്പ് ഉൾപ്പെടെ(₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | 1,00,000 | സാന്ത്വന പരിചരണം138/18 | 1,00,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 20,00,000 | 20,00,000 | പഞ്ചായത്ത് പൊതുശ്മശാന നവീകരണം(പ്രൊജക്റ്റ് നമ്പർ 110/180) | 0 | 20,00,000 |
| 3 | ജില്ലാ പഞ്ചായത്ത് | 2017-18 | 16,39,000 | 16,39,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി (പ്രൊജക്റ്റ് നമ്പർ 35/18) | 16,39,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 6,00,000 | 6,00,000 | വൈകല്യ സൗഹൃദ ഭവനം(പ്രൊജക്റ്റ് നമ്പർ 14/18) | 5,40,000 | 60,000 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85,000 | 85,000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് .(പ്രൊജക്റ്റ് നമ്പർ 69/18) | 85,000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | 10,00,000 | പഞ്ചായത്ത് പൊതുശ്മശാന നവീകരണം(പ്രൊജക്റ്റ് നമ്പർ 110/18) | 0 | 10,00,000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,55,600 | 3,55,600 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി (പ്രൊജക്റ്റ് നമ്പർ 35/18) | 3,55,600 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി | ചിറ്റാരിക്കൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റോഡിലുള്ള | 1005675/ 22-01-2018 | ₹20,000 | ₹20,000 | - |

| | | | | | |
|---|---|---|---|---|---|
| ബോർഡ് | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | താഴെകണ്ടാരം മുക്കട റോഡിലുള്ള ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 54294/ 13-12-2017 | ₹39,200 | ₹39,200 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നമ്പർ | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ചിറ്റാരിക്കാൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ(സാധാ)നം. 3007/14 /തസ്വഭവ 19.11.2014 | ₹30,12,937 (ഒന്നാം ഗഡു) | ₹26,90,122 | ₹7,19,392 | ₹4,68,101 | 1970730<br>രണ്ടാം ഗഡുവായി 5.5.2017ന് 20,22,800രൂപ കൂടി വായ്പ എടുക്കകയുണ്ടായി. ഇതു പ്രകാരം വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക(19,70,730 +20,22,800)=<br>39,93,530രൂപ |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ)നം. 565/2010 | ₹1,03,82,500 | ₹34,10,713 | ₹3,72,349 | ----- | ₹30,38,364 |

| | | | | | | | |
|---|---|---|---|---|---|---|---|
| വായ്പ | /തസ്വഭവ 22.02.2010 | | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2016-17 | 2-9 | 150 | മാനേജർ, ജില്ലാ സഹകരണ ബാങ്ക് ചിറ്റാരിക്കൽ ശാഖ | 117010101859 തീയ്യതി30.08.2017 |
| 2016-17 | 2-5 | 1,780 | സെക്രട്ടറി മലയോര മേഖലാ വനിതാ സഹകരണ സംഘം | 117010101884 തീയ്യതി31.08.2017 |
| 2016-17 | 2-5 | 1,910 | സെക്രട്ടറി മലയോര മേഖലാ വനിതാ സഹകരണ സംഘം | 117010101883 തീയ്യതി31.08.2017 |
| 2015-16 | 2-3 | 780 | മെഡിക്കൽ ഓഫീസർ PHC ചിറ്റാരിക്കൽ | 117010104632 തീയ്യതി07.02.2018 |
| 2015-16 | 2-3 | 600 | മെഡിക്കൽ ഓഫീസർ PHC ചിറ്റാരിക്കാൽ | 117010104633 തീയ്യതി07.02.2018 |
| 2016-17 | 2-11 | 2,500 | പാലാവയൽ ക്ഷീരോത്പാദക സഹകരണ സംഘം | 117010104781 തീയ്യതി15.02.2018 |
| ആകെ | | 7,720 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.3,2.4, | 2016-17 | അദ്ധ്യായം. 2 അനുബന്ധം. 5 | തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് | ഖണ്ഡികകൾ പരിഹരിച്ച് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,65,69,466 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,86,14,000 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹5,220 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹23,73,350 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | - | ₹5,220 | മോഹനൻ. പി.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| ആകെ | - | ₹5,220 | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹23,59,000 | ജോസ് ജയകുമാർ<br>ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-2 | ₹14,350 | ഡോ.സുമിൻ മോഹൻ .പി<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്. സി. |
| ആകെ | ₹23,73,350 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മോഹനൻ. പി.വി<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ<br>എൽ എസ് ജി ഡി സെക്ഷൻ<br>ഈസ്റ്റ് എളേരി | പട്ടുവം വീട്ടിൽ<br>മാതമംഗലം<br>ബസാർ പി.ഒ<br>കണ്ണൂർ ജില്ല |

# 4-10 തീർപ്പാക്കാൻ ബാക്കിയുള്ള റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | LF.KSD.5/198/03 തീയ്യതി. 19-03-03 | 5 |
| 1997-98 | LF.KSD.5/663/99 തീയ്യതി. 03-04-2000 | 15 |
| 1998-99 | LF.KSD.5/34/2001 തീയ്യതി.12-04-2002 | 35 |
| 1999-00 plan | LF.KSD.5/276/2004 തീയ്യതി. 07-05-2005 | 7 |
| 1990-91 to1995-96 | LF.KSD.4/474/2005 തീയ്യതി. 08-08-2005 | 2 |
| 2000-01 | LF.KSD.4/621/2005 തീയ്യതി. 09-05-2007 | 7 |
| 2001-02-plan | LF.KSD.4/277/2004 തീയ്യതി .07-05-2005 | 3 |
| 2001-02 | LF.KSD. 3/914/2007 തീയ്യതി. 22-09-2009 | 5 |
| . 2002-03 | LF.KSD.3/915/2007 തീയ്യതി .17-05-2010 | 12 |
| 2003-04 | LF.KSD.3/916/2007 തീയ്യതി. 03-06-2010 | 14 |
| 2004-05 | LF.KSD.3/16/2010 തീയ്യതി. 04-05-2010 | 10 |
| 2005-06 | LF.KSD.3/17/2010 തീയ്യതി. 05-05-2011 | 9 |
| 2006-07 | LF.KSD.3/136/2012 തീയ്യതി .12-02-2013 | 9 |
| 2007-08 | LF.KSD.3/137/2012 തീയ്യതി .07-02-2013 | 14 |
| 2008-09 to 2009-10 | LF.KSD.7/491/2014 തീയ്യതി 17-04-2015 | 19 |

| | | |
|---|---|---|
| 2010-11 to 2011-12 | LF.KSD.10/4/2016 തീയ്യതി. 15-03-2016 | 9 |
| 2012-13 & 2013-14 | LF.KSD.10/ 856/2016 തീയ്യതി. 19-08-2016 | 10 |
| 2014-15 | KSA.KSD.10/ 772/16 തീയ്യതി. 16-03-2017 | 12 |
| 2015-16 | KSA.KSD.10/ 77/17 തീയ്യതി. 30-01-2017 | 13 |
| 2016-17 | KSA.KSD.10/831/2017 തീയതി :17.07.2017 | 23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം -2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| East Eleri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 19589825.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1205830.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 410432.00 |
| 150000000 | Sale & Hire Charges | RP-5 | 345835.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66859686.00 |
| 171000000 | Interest Earned | RP-9 | 179193.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 36112073.00 |
| 350000000 | Other Liabilities | RP-36 | 217770.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 34720.00 |
| 312000000 | Reserves | RP-30 | 1357653.00 |
| 330000000 | Secured Loans | RP-32 | 2034356.00 |
| 340000000 | Deposits Received | RP-34 | 3391953.00 |
| 350000000 | Other Liabilities | RP-36 | 266737.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4145728.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 136159291.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2929571.00 |
| 220000000 | Administrative Expenses | RP-12 | 1188053.00 |
| 230000000 | Operations & Maintenance | RP-13 | 412674.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7190588.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11319217.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 178525.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 24654953.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 112780.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 17617168.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 574750.00 |
| 280000000 | Prior Period item | RP-26 | -75000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3919655.00 |
| 350000000 | Other Liabilities | RP-36 | 5598336.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 23669.00 |
| 330000000 | Secured Loans | RP-32 | 1559842.00 |
| 340000000 | Deposits Received | RP-34 | 9242.00 |
| 350000000 | Other Liabilities | RP-36 | 1977568.00 |
| 410000000 | Fixed Assets | RP-38 | 28308965.00 |
| 460000000 | Loans, Advances and Deposits | RP-47 | 11113444.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17503703.00 |
| Cash | Cash | RP-40(b) | 41588.00 |
| | Grand Total | | 136159291.00 |

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

East Eleri Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4515704.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 271200.00 |
| 140000000 | Fee & User Charges | I-4(b) | 473382.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 345835.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 133350144.00 |
| 171000000 | Interest Earned | I-8 | 179193.00 |
| 180000000 | Other Income | I-9 | 34720.00 |
| | Total Income | | 139170178.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8922619.00 |
| 220000000 | Administrative Expenses | I-11(b) | 1188053.00 |
| 230000000 | Operations & Maintenance | I-12(b) | 412674.00 |
| 240000000 | Interest & Finance Charges | I-13 | 23669.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7868018.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37689716.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 178525.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 26157274.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 33689480.00 |
| 255000000 | Maintenance Projects | I-14(e) | 17617168.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 574750.00 |
| 272000000 | Depreciation | I-17(a) | 5713759.00 |
| | Total Expenditure | | 140035705.00 |
| | Gross Surplus/ Deficit of income over Expenditure | | -865527.00 |
| 280000000 | Prior Period Item | I-18 | 5492.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | -871019.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| East Eleri Grama Panchayat BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 1740056.70 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 119477872.00 |
| | Total Reserve & Surplus | | 121217928.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16098529.00 |
| | Total Grants, Contributions for Specific Purposes | | 16098529.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 6575349.00 |
| | Total Loans | | 6575349.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3547678.00 |
| 350000000 | Other Liabilities | B-9 | 865794.30 |
| | Total Current Liabilities and Provisions | | 4413472.30 |
| | TOTAL LIABILITIES | | 148305279.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 144647052.00 |
| 411000000 | Accumulated Depreciation | B-11 | -27981302.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 116665750.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 240284.00 |
| 440000000 | Pre-paid Expenses | B-16 | 3038364.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 17545291.00 |
| 460000000 | Loand, Advances and Deposits | B-18 | 10815590.00 |
| | Total Current Assets, Loans and Advances | | 31639529.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 148305279.00 |